നഷ്ടജാതക ദീപിക

167M

'ഭംഗസന്ദേശ'കർത്താവിന്റെ മറ്റൊരു കൃതി

അപ്പാടൻ വീട്ടിൽ രാമനെഴുത്തച്ഛൻ

നഷ്ടജാതക ദീപിക

'ഭൃംഗസന്ദേശ'കർത്താവിന്റെ മറെറാരു കൃതി

അപ്പാടൻ വീട്ടിൽ
രാമനെഴുത്തച്ഛൻ

Copies can be had
from
Sri. K. V. CHATHUKUTTY NAIR
Advocate
Cannanore - 2

Price: 50 NP.

Printed at
Progress Printers, Trivandrum

അവതാരിക

അപ്പാട് വീട്ടിൽ രാമനെഴുത്തച്ഛൻ രചിച്ച ഭൃംഗസന്ദേശം ഇയ്യിടെ പത്രപംക്തികളിൽ ഒച്ചപ്പാടുണ്ടാക്കി. അല്പം ചിലർ എന്നെ ശകാരിച്ചു; പലരും അഭിനന്ദനം കൊണ്ടു എന്നെ വികാരപരവശനാക്കി. "തീരെ മറഞ്ഞു എന്നേയ്ക്കും നഷ്ടപ്പെടാൻ പോയ ഭൃംഗസന്ദേശത്തിന്റെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കി അതിനെ സമുചിതമായ വേഷവിധാനത്തോടെ വെളിച്ചത്തു കൊണ്ടുവരാൻ അവിടന്നു ചെയ്ത ശ്രമം എന്നും കൃതജ്ഞതാവിഷയമായിരിയ്ക്കും" എന്നാണു ശ്രീനാട്ട് കുഞ്ഞൻപിള്ള സാർ എനിയ്ക്കെഴുതിയതു്. "ഈ മാർഗത്തിൽ ഇനിയും ചിലതു കൂടി ഞങ്ങൾക്കു കിട്ടുമെന്നാശിയ്ക്കുട്ടെ" എന്നു് തായാട്ടു ശങ്കരനും എഴുതി. ശ്രീ രാമനെഴുത്തച്ഛന്റെ കൃതി എന്ന നിലയ്ക്കു് "നഷ്ടം ജാതക ദീപികയെ അവതരിപ്പിക്കുകയാണു്.

സർവ്വസമ്മതമായ അംഗീകാരം സിദ്ധിച്ച പ്രാമാണിക ഗ്രന്ഥമാണല്ലോ വരാഹമിഹിരാചാര്യരുടെ "ഹോരാ". ഇതിൽ അഹോരാത്രം എന്ന സമസ്തപദത്തിന്റെ ഒരു സംക്ഷിപ്തരൂപമാണു് ഹോരാ എന്ന പദം. അനന്തമായ കാലത്തിന്റെ ഒരു ചെറിയ അളവായ രാപ്പകലിനെ കുറിക്കുന്ന ഈ ഹോരയാണത്രേ, അർത്ഥഭേദത്തോടെ ഇംഗ്ലീഷിലെ hour ആയി രൂപാന്തരപ്പെട്ടതു്.

പഴയ കാലത്തു് വൈദ്യം, ജ്യോതിഷം, മന്ത്രവാദം എന്നിവയായിരുന്ന നമ്മുടെ പ്രയുക്തശാസ്ത്രശാഖകൾ. കവിതാരംഗത്തു് നിന്നു് പിഴക്കാൻ പറ്റാത്തതുകൊണ്ടാകാം ജ്യോതിഷത്തിലേയ്ക്കു ശ്രീരാമനെഴുത്തച്ഛൻ നീങ്ങിയതു്. പ്രേക്ഷകർക്കു് ഒരു ശിരോലങ്കാരമായിരുന്ന കവിത. ആ കാലഘട്ടത്തിന്റെ സ്വഭാവം മനസ്സിലാക്കാൻ ഈ നഷ്ടജാതകദീപിക ഉപകരിച്ചേയ്ക്കും. കവിയോടുള്ള ബഹുമാനം, കവിപുത്രനായ ശ്രീ ചാത്തുക്കുട്ടി നായരുടെ അഭിലാഷം—ഈ രണ്ടാണു് ഈ അവതാരിക കുറിയ്ക്കാൻ എന്നെ പ്രേരിപ്പിച്ചതു്.

ജ്യോതിഷകുതുകികളായവർ വേണം ഈ കൃതിയെക്കുറിച്ചു് അഭിപ്രായം രേഖപ്പെടുത്താൻ. ഭൃംഗസന്ദേശകർത്താവിന്റെ ധൈഷണികപ്രകൃതിയെ വെളിപ്പെടുത്തുന്ന ഈ ദീപിക പ്രകാശിപ്പിക്കാൻ എന്നോടാവശ്യപ്പെട്ട വന്ദ്യവയോധികനായ അഡ്വക്കേറ്റ് ശ്രീ ചാത്തുക്കുട്ടി നായരുടെ സ്നേഹത്തിനു മുമ്പിൽ ഞാൻ തൊഴുകൈയ്യർപ്പിക്കുട്ടെ.

തിരുവനന്തപുരം
9-2-1974

സി. കെ. മൂസ്സത്

പ്രസ്താവന

"നഷ്ട ജാതക ദീപികാ" എന്ന ഈ ചെറു ഖണ്ഡ ഗ്രന്ഥം എന്റെ അച്ഛൻ പരേതനായ അപ്പാട് വീട്ടിൽ രാമനെഴുത്തച്ഛൻ ഉണ്ടാക്കിയതാണു്. അതു ജ്യോതിഷത്തിൽ ഒരു വിഷയത്തെ മാത്രമേ സ്പർശിക്കുന്നുള്ളു.

ഒരാൾക്കു് ജാതകമില്ല. തനിക്കതു വേണമെന്നാഗ്രഹം ജനിച്ചു; ഒരു ജ്യോത്സ്യരെ സമീപിച്ചു ജാതകം ഉണ്ടാക്കികൊടുക്കാൻ മുറപ്രകാരം അപേക്ഷിച്ചു. അപേക്ഷിച്ച സമയം ശുദ്ധീകരിച്ചു് അതിനെ അടിസ്ഥാനപ്പെടുത്തി അപേക്ഷകൻ ജനിച്ച കൊല്ലം, മാസം, തിയ്യതി, സമയം മുതലായതു് ജ്യോത്സ്യർ ഗണിച്ചു് അയാളുടെ ജാതകം എഴുതി തീർത്തു. ഇതോടെ അപേക്ഷകന്റെ ആവശ്യം സാധിക്കുന്നു. ഇപ്രകാരം ജാതകമില്ലാത്തവരുടെ ജാതകം ഉണ്ടാക്കാനുള്ള ഗണിത പദ്ധതിയാണു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം.

ശ്രീവരാഹ മിഹിരാചാര്യരുടെ "ഹോരാ" എന്ന ഗ്രന്ഥത്തിൽ നഷ്ട ജാതകം ഗണിക്കുന്ന മാർഗ്ഗങ്ങൾ കാണിക്കുന്ന ഒരദ്ധ്യായമുണ്ടു്. അതിനു നഷ്ടജാതകാദ്ധ്യായമെന്നു് പേർ. അതിന്റെ ഒടുവിൽ "ഇതി നഷ്ട ജാതക മിദം ബഹുപ്രകാരം മയാ വിനിർദ്ദിഷ്ടം പ്രോക്തമത: പരീക്ഷയത്നാദി ഭിജ്ഞൈന്യം" എന്നു് ഉപദേശിച്ചിരിക്കുന്നു. അതിൽ നിന്നും മേല്പടി "ഹോരാ" ഗ്രന്ഥത്തിന്റെ "ദശാദ്ധ്യായി" എന്ന വ്യാഖ്യാനത്തിൽ നിന്നും മറ്റും നഷ്ട ജാതകാദ്ധ്യായത്തിൽ കാണിച്ചിട്ടുള്ളതു് മറ്റാചാര്യന്മാരുടെ മാർഗ്ഗങ്ങളാണെന്നും ഹോരാചാര്യരുടെ സ്വന്തം മാർഗ്ഗം (പദ്ധതി) ഹോരയിലെ ആദ്യത്തെ ശ്ലോകത്തിൽ ആദ്യത്തെ പന്ത്രണ്ടക്ഷരങ്ങളിൽ ഒതുക്കി വെച്ചിട്ടുണ്ടെന്നും അദ്ദേഹത്തിനു് മനസ്സിലായി.

അതു മുതൽ അദ്ദേഹം ഉത്തര കേരളത്തിലെ പ്രധാന പൌരാണിക തറവാട്ടുകളിലുള്ള ജ്യോതിഷ ഗ്രന്ഥങ്ങൾ പരിശോധിച്ചും സംശയങ്ങൾ തീർത്തും ചർച്ചകൾ ചെയ്തും പതിനൊന്നു് കൊല്ല കാലം കൊണ്ടു് ആചാര്യരുടെ സ്വന്ത പദ്ധതി പഠിക്കുകയും ആയതു് ഇരുപത്തുരണ്ടു് ശ്ലോകങ്ങളിൽ വിവരിക്കുക

യും നഷ്ട ജാതകങ്ങൾ ഉണ്ടാക്കാൻ ആരംഭിക്കുകയും ചെയ്തു.

എന്നാൽ നഷ്ട ജാതകങ്ങൾ ഗണിച്ചുകൊണ്ടിരിക്കുമ്പോൾ താൻ രൂപീകരിച്ച ഗണിത രീതിയിൽ ചില ഭേദഗതികൾ വരുത്തേണ്ടതാണെന്നു് അച്ഛൻ കാണുകയും ഏകദേശം മൂന്നു കൊല്ലകാലത്തെ പരിശോധനകൾക്കു ശേഷം ചില ഭേദഗതികൾ വരുത്തുകയും തൽഫലമായി ആദ്യത്തെ ശ്ലോകങ്ങളിൽ അഞ്ചു ശ്ലോകങ്ങൾ മാറ്റി അവയുടെ സ്ഥാനത്തു് പുതുതായി അഞ്ചു ശ്ലോകങ്ങൾ ഉണ്ടാക്കുകയും മറ്റു ചില ശ്ലോകങ്ങളിൽ പദ ഭേദങ്ങൾ വരുത്തുകയും 23ാം നമ്പ്രായി ഒരു സമാപന ശ്ലോകം ഉണ്ടാക്കുകയും ചെയ്തു. ഇങ്ങിനെയാണു് "നഷ്ട ജാതക ദീപികാ" ഉണ്ടായതു്.

മേൽ പ്രകാരം മാറ്റപ്പെട്ട ശ്ലോകങ്ങൾ അതാതിന്റെ നമ്പ്രോടുകൂടി A. എന്ന പട്ടികയിലായും മാറ്റപ്പെട്ട പദങ്ങൾ B പട്ടികയിലായും ഈ പ്രസ്താവനക്കു് ശേഷം ചേർത്തിരിക്കുന്നു. രണ്ടു വക പദങ്ങളും തമ്മിലുള്ള ബന്ധം കാണിക്കുന്നായി സമം (=) എന്ന അടയാളവും ചേർത്തിരിക്കുന്നു.

ഈ ഗ്രന്ഥം പരിശോധിച്ചും പഠിച്ചും ചർച്ച തുടർന്നും പൊതുജനങ്ങളുടെ ഉപയോഗാർത്ഥം നിലനിർത്താൻ ഈ നാട്ടിലെ ജ്യോതിഷപണ്ഡിതന്മാരോടു് ഞാൻ വിനയപൂർവ്വം പ്രാർത്ഥിച്ചു കൊള്ളുന്നു.

—കെ. വി. ചാത്തുക്കുട്ടി നായർ

A എന്ന പട്ടിക. മാററപ്പെട്ട ശ്ലോകങ്ങൾ

വഴിക്കവഴി നമ്പ്	ശ്ലോക നമ്പ്	മാററപ്പെട്ട ശ്ലോകങ്ങൾ
1	9	അധോദചിതീയം യുഗ്മേംശ: പ്രയാതിപ്രഥമംസചഭാത് അന്തേദചിതീയ മൂർദ്ധചംത ദേവമേവ ഭിദാവഹ !
2	14	ആത്രുദ്ധേ മൃഗനായ കേതുശഫരേ പൂർവ്വസ്തുതീയാവുഭാ- വം ശൌ താവമരേന്ധ്യ ഭാസ്തുരഭയോർബ്ബണാഗ്നിസംസ്ഥാ രദൌ സ്ത്രീണാം വൃശ്ചികഭേഘടാച്ച മൃഗഭാന്മേഷേപ ജ്ഞകേ ക്രിയാം പുംസാം വൃശ്ചികഭേ വൃഷേച ഘടഭാജ് ജ്ഞ കേ മൃഗാ ച്ചാരഭേത്
3	15	ആത്രുദ്ധലഗ്നായ ദിയുഗ്മരാശിശ്ചച രേഷ്ടഹീയാ ദുഭയേ ഷ്ടയുജ്യാത് നവാർക്കഭേവ്യതയ ഏഷനസ്യാ ദവ്യോജരാ ശൌപ ണമാഹിതം ചേത്
4	17	ആത്രുദ്ധേ കന്യകായാം വാകീടേവാ ദചിപിധോദിതാ അമീ ഏവ വിപര്യാ സാനവ സംസ്കാര സൂചകാ:
5	20	ആ സിംഹ കീടമയുഗായ തിയുഗ്മഗായത്യോ ജശ്ചദേ വഗ്രരു ഭാസ്കര താരകാപൈപ്ലുയ ജ്ഞകാളിനോ രചരതാം ചരതാം ച വിദ്യാ ദസ്തിൻ വിധൌ നവകദാന വിശോധനാത്ഥം

B എന്ന പട്ടിക. മാറ്റപ്പെട്ട പദങ്ങൾ

ശ്ലോകം	വരി	മാറ്റപ്പെട്ട പദങ്ങളുടെ വിവരം
1	6	3 രായാദ്വയോശ്ചോദ്യതോ = രേണാൽഘടാ ച്ചോദ്യതോ
2	8	1 രഭി = രഥ
3	10	3 മൃഗേശ = തൃതീയ
4		ഹരൌ = ഹരാ
5		4 കാർക്ക്യ = വാദ്യ
6	12	2 മന്ന്യത്തദേവ = മേവം ക്രമേണ
7	13	2 ഹിതേപരിതാം ശത്രുയം = ഹിതപാന്തികാംശദ്വയം
8	19	3 തദപ്യസഹ്യാശ്വഭേ = തത്സാമ്യമേവാർക്കഭേ

നഷ്ടജാതക ദീപികാ

ഹരി: ശ്രീ ഗണപതയേ നമ:
അവിഘ്നമസ്തു ശ്രീ ഗുരുഭ്യോ നമ:

1. ജോതിശ്ശാസ്ത്രസ്യപൂർവ്വൈർമുനിഭിരഭിഹിത
സ്ത്യാതിവിസ്തീർണ്ണ ഭാവാ–
ന്നൈവാലംജ്ഞാതുമേതത് കലിയുഗമനുജാ
സ്തുല്യമേവംവിലോക്യ
ഭൂതപ്രാഭ്മൈവരാഹ പ്രഥമമിഹിരനാ
മാഹസംക്ഷിപ്യയോസൌ
ധ്വാന്തധ്വംസി ദിനേശസ്സദിശതു ഭഗവാൻ
മംഗലംനോഖിലാത്മാ.

2. മൂർത്തിതേപരികല്പിതശ്ശുഭതോവാണീ
ഭിരാഭിസ്തീ ഭി:
കല്യാദ്യൈയദുദീരിതം പടുമതിർജ്ഞേയയാർത്ഥ
യുക്ത്യാദിഭി:
തംതാദൃഗചനം വരാഹമിഹിരം നത്വാത
ദീഷത് സ്ഫുടം
വക്ഷ്യേസസ്മൃതിനഷ്ടജന്മകരണംധീച്ഛിന്ന
ഹൃത് കലി:

3. തസ്യപ്രസാദാത് ഭവതു പ്രബന്ധോയം പ്രപൂരിത:
വിനാവിശ്ലേനനാമ്നാവാനഷ്ടജാതക ദീപികാ

4. സമ്യക് പ്രകാശയിതൈനാം ദീപികാം ബുദ്ധിപ
ക്ഷ്മഷാ
പ്രഷ്ടൂർജ്ജന്മദിനാ ദീതിവീക്ഷതേയസ്സുപശ്യതി

5. ആശ്രുധേനോ ദയേനോദയാം ശൈശ്ചാ
ശ്രുധയോജിതൈ:
നഷ്ടജന്മയഥാവിദ്യാത്താഥാർത്ഥ്യം ഭാഷയത്യസൌ.

6. ആശ്രുധേഷ്മധുഷാസകക്കിവൃഷഭാജേഷ്ടഭയാ
ച്ചാംഗനാ

സിംഹൈണേഷു ചഭാച്ചരാച്ചൂത്തുമേകംഭേ
സ്ഥിരാദാഭവാത്
അംശാനാംഗണനം വണിക്ഭ്രമരയോരായാ
ദ്വയോശ്ചോദ്യതോ
സ്ഫുട്ടാദ്യംശകജ്ഞകവൃശ്ചികഭയോസ്ഫുടസ്ഫോർദ്ധ
ഭാദ്യൂർദ്ധഭാത്.

7. ഇത്ഥംതത്ത ദുദീരിതാദ്വിഗണയിതവ്യാംശാം
ശ്ചരാദീരിതേ
യത്രർക്ഷേവസിതിസ്ഥിത: പ്രഭവതിതാവത് സം
ഖ്യതാരംഭവേത്
അംശർക്ഷംതതഏവഭോദ്യയഗ്രഹാദ്ഭോഗ്യ
ഡ്യസ്യചായാദ്രവേ
സ്ഫുടാത്സ്ഫുടാദ്യാവതിതാവതസ്ഥിത ഇദംല
ഗ്നസ്യചാരസ്ഫുടം

8. ലിപ്താനാം ദശകൈശ്ചതുർഭിരഭിയാതേഷ്വേജേ
തൃതീയന്തഭ–
സ്ഫുടാത്തസ്മാച്ചചതുർത്ഥമൂർദ്ധ്വമഥതസ്മാദ
പ്യധ: പഞ്ചമം
തസ്മാച്ചോദ്ധൃതതീയ മൂർദ്ധ്വമഥതസ്മാദേക
കൈസ്ഫുടം ക്രമാ–
ദാത്രുദ്ധേസവിസപ്തമോ ദ്വിശതലിപ്താത്മാ
നവാംശോഖില:

9. യുഗ്മാത്രുദ്ധനവാംശകോംശകഭതോധസ്താദ്വി
തീയംസമേ–
ത്യാദൌതല്പരമോജരാശി കഥിതേനൈവാദ്ധ്വ
നായോജയേത്
ആത്രുദ്ധേപരിവർത്തിതേ നവകസംസ്ഥാരോ
ക്തലക്ഷ്യൌമിഥ:
പൂർവ്വൌ ദ്വൌപരിവർത്തയേ ദുദയഗേ
തേഷ്വേഥയുഗ്മേപരൌ.

10. തുര്യം സ്യാദധ ഊർദ്ധ്വമേതി ചതതോം
ശസ്സ്ഫുട മ:പഞ്ചമം

തസ്മാൽ സ്വാദിവചസ്വ മേവചത തോ
ധസ്ഥാദ്വിതീയം തത:
ആശ്രുഢേ ശഫരേ മൃഗേശനവ ഭാ
ഗോന്തഃ്യ ത്രൈജേഹരൌ
കാർക്ക്യസ്ഥത് ക്രമ ഊർദ്ധ്വ പൂർവ്വ ഗതി ചൈ
വം തദ്വയാസ്തേ സ്ഥിയ:

11. ആശ്രുഢാ ദിതിജന്മതാര മധി ഗമ്യാസ്മിന്നവാംശ
സ്സ്ഥാ
യാവാംസ്ഥാവതി താവതി വ്യയഭ വാജ്ഞാ
ഭ്യോപി വിജ്ഞായയത്
അന്ത്യം ലഗ്നഭമാദിമോ പമ പദം ചാന്യേസു
രേഡ്യാർക്കയോ—
ദ്വേസ്വസ്വ സ്ഥിതി മർഹതോ നവക സംസ്കാരാം
സ്സൂചതുരാരിച.

12. അംശർക്ഷസ്യോപ പാർശ്വം ഗതവതി ജനനോ
ഡുന്യതോ വ്യത്യയേന
ദേവ സംസ്കാരേ സുരേഡ്യോ ഡുനി ദിവസമ
ണേ ശ്ലൈകമന്യത്ത ദേവ
അംശർക്ഷം രത്സ്വയം ചേത് ത്രിഷ്ചച കിമപി
നപ്രക്രിയാതശ്വം ഗനായാ—
സ്ഥാരാ ശ്ലൈഷ്യ തത്തദസ്ഥാദയുജി യുജിചന:
പും വദേവസ്ഥിയോന്ത്യാ.

13. ഏക ത്രാന്യതമദ്വയേ ചകലിതം ജന്മർക്ഷമം
ശർക്ഷതോ—
ധസ്ഥം ചേന്നവ ഭാഗ ഭാഗവശതോ ഹിതേ
രിതാം ശത്രയം
ജീവാർക്കാം ശഭയോർദ്വി യുഗ്മ മഥത സ്യാർദ്ധം
ചസംയോജയേ
ദൂർദ്ധ്വസ്ഥം യദിവർജ്ജയേ ദ്വണിജിവാ കീടേ
ന്യഥാശ്രുഢഗേ

14. രാശ്യോ:കേസരികന്യയോശ്ശശി ഗൃഹേ ഭാരാതി
സംസ്ഥൌതുയാ—
വംശൌതാവ മരേഡ്യ ഭാസ്കര ഭയോർബ്ബാണാഗ്നി
സംസ്കാരദൌ

സ്ത്രീണാം കർക്കിരജേ ഹരിർമധുകരേ വൈണശ്ച
ജ്ഞകേസ്സണാ—
മാശ്രുഡ്യോ മൃഗരാഡ് വൃഷേളിനി ഘടസ്സൗഭ്യാം
ചകർക്കീടക

15. ആശ്രുഡ്യേയുഗ്മരാ ശൈനവക മപനയേദ്യോജയേ
ദോജരാ ശൈ
തത്തൽ ലക്ഷ്യശ്ചരശ്ചേ ദുഭയേ ഇതരഥാ ചാർക്ക
ഓജോക്ത രീത്യാ
പ്രഷ്ടഃപുംസ്ത്രേ ദൃഗാണഃപ്രഥമ ഇഹഭവേദന്തി
മോന്യത്ര മാദ്ധ്യഃ
കന്യായാ ശ്ചോഭയാദിർന്നന വണി ഗുഭയത്രാളി
നോ നാത്രഭേദഃ

16. ആശ്രുഡഞ്ച പുനസ്ത്രീ ഭാഗ മുദയസ്യാഥോദയം
ത്ര്യംശകം
ചാശ്രുഡസ്യ സമീക്ഷ്യ സംസ്കൃതി നിയം തത്തച്ചര
തപാദിഭിഃ
അംശർക്ഷാദ്യ ദിനോപരിഷ്ട മഥവാജന്മർക്ഷ
മൂർദ്ധപസ്ഥമ—
ത്രാശ്രുഡാദി ചതുഷ്ടയേ ത്രിചതുരാദ്യോക്തതാത്
ദപിതീയം ചതൈഃ

17. ആശ്രുഡേഭ്രമ രേഥ വാചയുവതാ വേതേ ദപി
ധൈവോദിതാ
ഗ്രഹ്യന്തേ വിപരീത തോനവക സംസ്കാര ക്രിയാ
ജ്ഞപ്തയേ
യഃപ്രോക്തഃപ്രഥമം സ സപ്തമ നവാംശാം ശക്ര
മോഗ്രഹ്യതാ—
മൂർദ്ധപാദി ർമൃഗരാജ കർക്കി ജുതു മാജേഭ്യോപ
രത്രാഖിലേ.

18. ആശ്രുഡസ്യദൃഗാണമാദ്യമഥചാശ്രുഡം പുനസ്ത്രു
ദയം
തദ്രേക്കാണമപീക്ഷ്യതൈർന്നവ വിധിശ്ചേദംശ
ഭംജന്മഭം
ലഗ്നർക്ഷേകഥിത സ്ത്രീഭാഗഉദിതോ രാശേസ്സയാ
വാംസ്ഥിത-

സ്ഥാവാനേവസസപ്തമാം ശകഗതേരാശൌചതസ്ഥാ
ൽപര:

19. രാശൌസപ്തമഭാഗഗേ നവകസംസ്കരായതാരേ
ഗുരോ
പൂർവ്വംയ:കഥിതോ ദഗാണഉപരിഷ്ടോസ്ഥാത്സ
മുദ്ദിശ്യതാം
ജന്മാർക്ഷാദപിപരീതമിന്ദുഗുരുഭേതദച്ചസ
പ്ലാശഭേ
ദേഭദേഭസംസ്ക്രിയതാമഥസ്യ ചവിലോമേനാ
ളിജ്ജകോദയേ

20. ആത്രുഡേവൃഷഭാജതൌലിമധുപാനാമേകകേ
പ്രാക്ക്രമാത്
സ്ത്രീപുംസ്ഥം പരിവർത്ത്യചോഡുയുഗളേതത്തത് ഗൃഹാ
ത്ഗൃഹ്യതാം
പാതേഽനഗ്നരതാമുപൈതിലലനാപ്രശ്നേ
സ്ഥിരത്വം തഥാ
പുംപ്രശ്നേപുഭയത്രചോഭയതയാജ്ഞകസ്ത്രമായു
ജ്യതേ.

21. ഇത്യുക്തമേതദഖിലം നഷ്ടജന്മോപയോഗദം
ഹോരായാമാദ്യപദ്യാദ്യപദത്രയ സമീരിതം

22. പ്രഷ്ടുർജ്ജന്മദിനാബ്ദമാസസമയോദ്യദ്ദ്രാശിവി
ജ്ഞാനദാം
വിദ്യാംശുദ്ധതമാം വരാഹമിഹിരാചാര്യോപദി
ഷ്ടക്രമാം
മൂത്തിതേപരിതവർണ്ണസങ്കലനസന്നിർദ്ദിഷ്ടസംഖ്യൈ
രിമാം
പദ്യൈരബ്ദ്രുവമേവമത്രകൃതം ചേത്പണ്ഡി
തൈ:ശുദ്ധ്യതാം

23. ഹോരാപ്രബന്ധപദകല്പകപല്ലവാനാസേവാബ
ലൈകവിശദീകൃതഹൃത് പ്രകാശ:
അപ്പാടപൂർവ്വനിലയാഖ്യഗൃഹാത്തജന്മാരാമാഭി
ധാനഇദമീദൃശമാതതാന

ശുഭം

ഭൃംഗ സന്ദേശത്തെപ്പറ്റി

ഭൃംഗസന്ദേശം എന്നെ വല്ലാതെ രസം പിടിപ്പിച്ചു. അതിലേറെ രസം പിടിപ്പിച്ചു താങ്കളുടെ ഗവേഷക ബുദ്ധി, തികച്ചും വിശ്വാസമായിരിക്കുന്നു. താങ്കളുടെ മനസ്സിലുള്ള ഡിറ്റക്ടീവിന്റെ പരിശ്രമം. സത്യം അതാണെങ്കിൽ അതു് പുലരുകതന്നെ ചെയ്യുമല്ലോ. ആ ശക്തിയാവാം താങ്കളുടെ ബുദ്ധിയ്ക്കു് ഇത്ര ക്ലേർപ്പളവാക്കിയതു്. വളരെ നന്ദി. ആ പുസ്തകം അയച്ചതിനു് എന്റെ കണ്ണിന്റെ കാഴ്ച വർദ്ധിപ്പിച്ചതിനു്.

അക്കിത്തം

മറക്കപ്പെട്ടോ, മറയ്ക്കപ്പെട്ടോ കിടന്ന ഈ കൃതി വെളിച്ചത്തു കൊണ്ടുവരുന്നതിനു താങ്കൾ ചെയ്ത ശ്രമം സ്തുത്യർഹമാണു്. അവതാരികയിൽ വ്യംഗ്യഭംഗിയിൽ സൂചിപ്പിച്ചിട്ടുള്ള സംശയങ്ങളെപ്പറ്റി ഇന്നത്തെ തലമുറ എന്തെങ്കിലും താല്പര്യം കാണിക്കുമോ എന്നു് എനിക്കു സംശയമുണ്ടു്. ഈ നല്ല ശ്ലോകങ്ങൾ വായിച്ചു രസിക്കുവാൻ പോലും ആളുണ്ടാകുമോ എന്നു ഞാൻ സംശയിക്കുന്നു, ഏതായാലും താങ്കൾ ചെയ്ത പ്രയത്നത്തിനു് എന്റെ അഭിനന്ദനങ്ങൾ

ഡോ. കെ. ഭാസ്കരൻ നായർ

മയൂരസന്ദേശമാണു് ഒന്നാമത്തെ ആധുനിക സന്ദേശകാവ്യമെന്ന മിഥ്യാധാരണ നീക്കാൻ താങ്കൾക്കു കഴിഞ്ഞതു നന്നായി. ആ നിലയ്ക്കു സാഹിത്യ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രസിദ്ധീകരണത്തിനു വലിയ പ്രാധാന്യമുണ്ടു്. എന്നാൽ സാഹിത്യ മൂല്യത്തിന്റെ കാര്യത്തിലും കൂടി ഇതിനു് പ്രാഥമ്യവും പ്രാധാന്യവും കിട്ടിയിരുന്നെങ്കിൽ വളരെ നന്നായിരുന്നു. നിയതികൃത നിയമരഹിതയാണു് കവിത എന്നതെളിയിക്കുന്നതാണു് ഇതിലെ പല ശ്ലോകങ്ങളും

അകവൂർ നാരായണൻ

എനിക്കു മുന്നതിനെക്കാൾ കുറെയധികം പ്രായമുള്ളതുകൊണ്ടു ഞാൻ കുറെ സ്വാതന്ത്ര്യം എടുക്കുകയാണു്. വലിയ കോയിത്തമ്പുരാന്റെ മയൂരസന്ദേശമല്ല ഒന്നാമത്തെ ആധുനിക സന്ദേശ കാവ്യം, ഭൃംഗ സന്ദേശമാണു്. കാവ്യഗുണം കൊണ്ടും അതിനു് ഒന്നാമത്തെ സന്ദേശകാവ്യമായി പരിഗണിക്കപ്പെടുവാൻ അർഹതയുണ്ടു്.

മൂർക്കോത്തു കുഞ്ഞപ്പ